LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

28-10-2014-ലെ ജി. ഒ. (പി) 466/14/ഫിൻ നമ്പർ ഉത്തരവിൽ പരാമർശിക്കുന്ന തസ്തികയിൽപ്പെടുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമാണ്. ആരോഗ്യ വകുപ്പിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങിയവരുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ആരോഗ്യ രംഗത്തുള്ള അസ്വസ്ഥതാവസ്ഥ

38 (2589) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യരംഗത്തുള്ള അസ്വസ്ഥതാവസ്ഥ പരിഹരിക്കാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആരോഗ്യപരിപാലന രംഗത്ത് സംസ്ഥാനത്തെ പൊതുജനാരോഗ്യ പ്രവർത്തകർ ഉയർത്തുന്ന ആശങ്കകളും പ്രശ്നങ്ങളും എന്താണെന്നും ഇതിന്മേൽ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ശുചിത്വമില്ലായ്മ, ശുദ്ധമല്ലാത്ത കുടിവെള്ളം, പോഷകാഹാരക്കുറവ്, വീടുകളിലും, സ്കൂളുകളിലും ശൗചാലയമില്ലായ്മ എന്നീ കാരണങ്ങളാൽ ഒഴിവാക്കാനാവാത്ത പകർച്ച വ്യാധികളും വിവിധ പകർച്ചപ്പനികളും ബാധിച്ച് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടേയും ചികിത്സയ്ക്കെത്തിയവരുടെയും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര പ്രസവങ്ങൾ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നടക്കുന്നു; ഈ സർക്കാർ കാലയളവിൽ നാളിതുവരെ പ്രസവത്തിലൂടെ മരണപ്പെട്ട അമ്മമാരുടെയും കുട്ടികളുടേയും കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) മനുഷ്യന്റെ മൗലികാവകാശ പ്രശ്നമായ ആരോഗ്യ പ്രശ്നത്തിൽ ഇത്തരം സ്ഥിതിവിശേഷമുള്ളത് തടയുവാനും പ്രസ്തുത പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി സുഗമമായ രീതിയിൽ ഓരോ ജില്ലയിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉള്ള പ്രദേശങ്ങളിൽ ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരും രോഗ നിരീക്ഷണം, ചികിത്സ, നിയന്ത്രണ പ്രവർത്തനങ്ങൾ, ബോധവത്കരണം തുടങ്ങിയവ നടപ്പിലാക്കുന്നുണ്ട്. എന്നാൽ ചില നഗര പ്രദേശങ്ങളിൽ ആനുപാതികമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ കുറവാണ്. ഇത് പരിഹരിക്കാനായി കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലെ ആരോഗ്യ വിഭാഗം ജീവനക്കാർ, എൻ.എച്ച്.എം വഴി നിയോഗിച്ചിട്ടുള്ള ആരോഗ്യ പ്രവർത്തകർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ജീവനക്കാർ തുടങ്ങിയവരെ ഒരുമിച്ച് ചേർത്ത് നഗര പ്രദേശങ്ങളിലെ കുറവ് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി)

- മാലിന്യ നിർമ്മാർജ്ജനത്തിലെയും ശുദ്ധജല ലഭ്യതയിലെയും പ്രശ്നങ്ങൾ-: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ജലവിഭവ വകുപ്പ് എന്നിവ വഴി പരിഹരിച്ചുവരുന്നു.
- ഏകീകൃത പൊതുജനാരോഗ്യ നിയമം രൂപീകൃതമാകാത്തതിന്റെ പ്രശ്നങ്ങൾ-: അന്തിമ രൂപം നല്കാൻ നടപടി സ്വീകരിച്ചുവരുന്നു.
- കൊതുക പെരുകുന്ന സാഹചര്യങ്ങൾ -: ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുംചേർന്ന് പരിഹരിച്ചുവരുന്നു.
- ഇതര വകുപ്പുകളുടെ യോജിച്ച പ്രവർത്തനത്തിന്റെ കുറവ്-: വിവിധ തലങ്ങളിൽ ഇന്റർ സെക്ടറൽ യോഗങ്ങൾ നടത്തിവരുന്നു.
- പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മൂലമുള്ള പ്രശ്നങ്ങൾ-: സീസണൽ മാപ്പ് ഉണ്ടാക്കി അതിനനുസരിച്ച് രോഗപ്രതിരോധനം നടത്തുന്നു.
- ജനങ്ങളുടെ പെരുമാറ്റത്തിലും ശീലത്തിലും ഗുണകരമായ മാറ്റങ്ങൾ ഉണ്ടാകാത്തത് -: ബോധവല്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ഇതര സംസ്ഥാന തൊഴിലാളികളുടെ വർദ്ധനവ്-: തൊഴിൽ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും യോജിച്ചുള്ള പ്രവർത്തനം.

(സി) ശുചിത്വമില്ലായ്മ, ശുദ്ധമല്ലാത്ത കുടിവെള്ളം, പോഷകാഹാരക്കുറവ്, വീടുകളിലും സ്കൂളുകളിലും ശൗചാലയമില്ലായ്മ എന്നീ കാരണങ്ങളാൽ പകർച്ച വ്യാധികളും വിവിധ പകർച്ചപ്പനികളും ബാധിച്ച് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടെയും ചികിത്സയ്ക്കെത്തിയവരുടെയും കണക്കുകൾ തരംതിരിച്ച് ശേഖരിക്കുന്നില്ല. എന്നാൽ പകർച്ചവ്യാധികൾമൂലം മരണപ്പെട്ടവരുടെ എണ്ണവും ചികിത്സക്കെത്തിയവരുടെയും കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഡി) ഡെലിവറി, ഇൻഫന്റ് ഡെത്ത്, മെറ്റേണൽ ഡെത്ത് എന്നിവയുടെ കണക്ക് വർഷംതിരിച്ച് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. *

(ഇ) പൊതുജനാരോഗ്യ പ്രശ്നങ്ങൾ യഥാസമയം കണ്ടുപിടിക്കാനും തടയുന്നതിനും വേണ്ടിയുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളും രോഗ നിരീക്ഷണവും രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നു. കാലവർഷത്തോടനുബന്ധിച്ച് പകർച്ചവ്യാധികൾ കൂടുമ്പോൾ ശരിയായ ചികിത്സയും പരിചരണവും ലഭ്യമാക്കാൻവേണ്ട സജ്ജീകരണങ്ങൾ ആശുപത്രിയിൽ ചെയ്യുന്നതുവഴി രോഗാതുരത കുറയ്ക്കാനും മരണം ഒരു പരിധിവരെ കുറയ്ക്കാനും സാധിക്കുന്നുണ്ട്. മാതൃമരണം, ശിശുമരണം എന്നിവ സംസ്ഥാനത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ കുറവാണെങ്കിലും ഇത് ഗണ്യമായി കുറയ്ക്കുന്നതിനുള്ള സത്വര നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു. ശിശുമരണ നിരക്ക് ആയിരത്തിൽ പന്ത്രണ്ട് എന്നുള്ള നിരക്കിൽനിന്നും പത്തിൽ താഴേക്ക് കൊണ്ടുവരുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും പരിശീലന പരിപാടികളും വിദഗ്ധ ഏജൻസികളുടെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. മാതൃമരണ നിരക്ക് ഒരു ലക്ഷത്തിൽ 66 എന്ന നിലയിൽനിന്നും താഴേക്ക് കൊണ്ടുവരുന്നതിനായി ഗർഭകാല പരിചരണം ശക്തിപ്പെടുത്തുന്നതിനും പ്രസവ ശുശ്രൂഷ കാര്യക്ഷമമാക്കുന്നതിനും പ്രസവാനന്തര പരിചരണം കുറ്റമറ്റതാക്കുന്നതിനും ഈ രംഗത്ത് വിദഗ്ധരുടെ ഉപദേശത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിരോധിക്കാൻ സാധ്യമായ രോഗങ്ങൾക്കെതിരെയുള്ള ഇമ്മ്യൂണൈസേഷൻ പദ്ധതി കാലാനുസൃതമായി പരിഷ്കരിച്ച് കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് ശ്രദ്ധചെലുത്തുന്നു.

മാവൂർ, ചെറുപ്പ സി.എച്ച്.സി.യും പി.എച്ച്.സി.യും

39 (2590) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ പഞ്ചായത്തിലെ ചെറുപ്പ സി.എച്ച്.സി. പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly